## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1863** — **06.07.2015-ൽ മറുപടിക്ക്**

### പ്രതികളെ പിടികൂടുന്നതിൽ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട നാല് കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസ്സിൽ ഉൾപ്പെട്ട പ്രതികളെ മാസങ്ങൾ പിന്നിട്ടിട്ടും പിടികൂടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇരിങ്ങാലക്കുട എസ്.ഐ.യുടെയും പോലീസ് കോൺസ്റ്റബിളായ സഹോദരന്റെയും വെറ്റിലപ്പാറയിലെ വസതിക്കുനേരെ ആക്രമണം നടത്തി വീട്ടിലെ ബൈക്ക് കത്തിക്കുകയും കാർ കേടുവരുത്തുകയും ചെയ്ത സംഭവത്തിനുത്തരവാദികളായവരെ കണ്ടെത്തുന്നതിനും നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ; | (ബി) ഇതു സംബന്ധിച്ച് അതിരപ്പിള്ളി പോലീസ് സ്റ്റേഷൻ ക്രൈം നം. 723/14 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് തൃശ്ശൂർ റൂറൽ ഡി.വൈ.എസ്.പി.(അഡ്മിനിസ്ട്രേഷൻ) യുടെ നേതൃത്വത്തിൽ അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (സി) പ്രസ്തുത കേസ്സുകളിൽ പ്രതികളെ കണ്ടെത്തുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) കേസുകളിൽ ഊർജ്ജിതമായി അന്വേഷണം നടത്തി പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ